## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 172** **26.09. 2011-ൽ മറുപടിക്ക്.**

### സായാഹ്ന കോടതികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സായാഹ്ന കോടതികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) എങ്കിൽ എവിടെയെല്ലാമാണ് തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളത് ; | : (ബി) 01.01.2010-ലെ ജി.ഒ.(എം.എസ്.) 33/2010/ആഭ്യന്തരം നമ്പർ ഉത്തരവ് (എസ്.ആർ.ഒ. നമ്പർ:107/2010) പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ സായാഹ്ന കോടതികൾ അനുവദിച്ചിട്ടുണ്ട്. |
| (സി) ഈ കോടതികളുടെ പ്രവർത്തന രീതി വിശദമാക്കുമോ ? | : (സി) 21.02.2010-ലെ ജി.ഒ.(എം.എസ്.) 21/2010/ആഭ്യന്തരം, 06.09.2010-ലെ ജി.ഒ.(എം.എസ്.) 200/2010/ആഭ്യന്തരം, 16.06.2011-ലെ ജി.ഒ.(എം.എസ്.) 125/2011/ആഭ്യന്തരം നമ്പർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 'The Evening Courts (Kerala) Rules' പ്രകാരമാണ് |

(മറുപുറം.....2)

സായാഹ്നകോടതികൾ പ്രവർത്തിക്കുന്നത്. മുൻസിഫ് മജിസ്ട്രേറ്റ് റാങ്കിലുള്ള ഒരു മജിസ്ട്രേറ്റാണ് സായാഹ്നകോടതിയിൽ പ്രിസൈഡിംഗ് ഓഫീസറായി നിയമിക്കപ്പെടുന്നത്. വൈകുന്നേരം 6 മണി മുതൽ 8 മണിവരെയാണ് ടി കോടതികളുടെ പ്രവർത്തന സമയം. ക്രിമിനൽ നടപടിചട്ടം സെക്ഷൻ 260-ന്റെ പരിധിയിൽ വരുന്ന കേസുകളും ഹൈക്കോടതി കാലാകാലങ്ങളിൽ തീരുമാനിക്കുന്ന കേസുകളുമാണ് സായാഹ്ന കോടതിയിൽ വിചാരണയ്ക്കെടുക്കുന്നത്.

സായാഹ്നകോടതികളുടെ നടപടിക്രമങ്ങളെല്ലാം 1982-ലെ കേരള ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിന് വിധേയമായിട്ടായിരിക്കും.

സെക്ഷൻ ഓഫീസർ